# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 88** **10.06.2013 ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ.ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) പറമ്പിക്കുളം-ആളിയാർ നദീജലകരാർ അനുസരിച്ച് ഈ വർഷം മാർച്ച് 31 വരെ എത്ര ടി.എം.സി ജലമാണ് കേരളത്തിനു ലഭിക്കേണ്ടിയിരുന്നത്; | (എ) | പറമ്പിക്കുളം - ആളിയാർ പദ്ധതി (PAP) കരാർ അനുസരിച്ച് നടപ്പു ജലവർഷത്തിൽ (2012 ജൂലായ് 1 മുതൽ 2013 ജൂൺ 30 വരെയുള്ള കാലയളവ്) മാർച്ച് 31 വരെ കേരളത്തിന് ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 6.350 Tmcft ജലമാണ് ലഭിക്കേണ്ടത്. ഷോളയാർ ബേസിനിൽ ഓരോ ജലവർഷവും 12.3 Tmcft ജലത്തിന് (ജൂലായ് മുതൽ ജൂൺ വരെ) കേരളത്തിന് അർഹതയുണ്ട്. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കാലയളവിൽ അപ്പർ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും കേരളത്തിന് അവകാശപ്പെട്ടതാണ്. ഷോളയാറിലേയും നീരാറിലേയും ജലലഭ്യതയുടെ പ്രതിമാസ പട്ടിക കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) കരാർ അനുസരിച്ചുള്ള ജലം അതത് സമയങ്ങളിൽ കേരളത്തിനു ലഭിച്ചിട്ടുണ്ടോ; | (ബി) | നടപ്പു ജലവർഷം കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| (സി) കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കേരളത്തിന് നടപ്പുജലവർഷത്തിൽ ലഭിക്കേണ്ട ജലം ലഭ്യമാക്കാൻ ഔദ്യോഗികതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെടുകയും കൂടാതെ കേരളത്തിന് ലഭിക്കേണ്ട ജലം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ JWRB-യുടെ ഒരു അസാധാരണ യോഗം ചേരണമെന്ന് കേരളം ആവശ്യപ്പെടുകയും ചെയ്തു. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് 26-12-2012-ൽ JWRB-യുടെ അസാധാരണ യോഗം ചേരുകയും 27.12.2012 മുതൽ 31.01.2013 വരെ 1.2TMC ജലം വിട്ടുനൽകാൻ തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.<br><br>ഇക്കാര്യത്തിൽ 30.01.2013-ൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിലെ തീരുമാനം അനുസരിച്ച് തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾക്കെതിരായി കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. കേരളം ആവശ്യപ്പെട്ട പ്രകാരം പറമ്പിക്കുളം-ആളിയാർ കരാർ, ശിരുവാണി പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് 28.04.2013-ൽ തിരുവനന്തപുരത്തു ഇരു സംസ്ഥാനങ്ങളും തമ്മിൽ ഒരു മന്ത്രിതല ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിലെ തീരുമാനം അനുസരിച്ച് മണക്കടവ് വിയറിൽ 100 cusecs എന്നയളവിൽ കാലവർഷം ശക്തി പ്രാപിക്കുന്നതു വരെ ജലം ലഭ്യമാക്കി ചിറ്റൂർ പുഴ പ്രദേശത്തെ കുടിവെള്ള |

| | | |
|---|---|---|
| | | പ്രശ്നത്തിന് പരിഹാരമുണ്ടാക്കാമെന്ന് തമിഴ്നാട് സമ്മതിക്കുകയുമുണ്ടായി.<br><br>കൂടാതെ ചാലക്കുടി പുഴ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേക്ക് വെള്ളം ലഭ്യമാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യാൻ JWRB-യുടെ ഒരു യോഗം ചേരുവാനും ധാരണയായി. ഇതനുസരിച്ച് JWRB-യുടെ സ്പെഷ്യൽ മീറ്റിംഗ് 06.05.2013-ന് പാലക്കാട് ചേരുകയുണ്ടായി. ഈ യോഗത്തിൽ 2013 മേയ് 8 മുതൽ തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേക്ക് Power House - II വഴി ജലം ലഭ്യമാക്കാമെന്ന് സമ്മതിക്കുകയുണ്ടായി. തുടർന്ന് മേയ് 8 മുതൽ 14 വരെ Power House - II വഴി കേരള ഷോളയാറിലേക്ക് 256.83 Mcft ജലം നൽകുകയും ചെയ്തു. 14.05.2013-ൽ സാങ്കേതിക കാരണങ്ങളാൽ Power House-II-ന്റെ പ്രവർത്തനം നിർത്തുകയുണ്ടായി. 17.05.2013 മുതൽ തമിഴ്നാട്, Power House-II-ന്റെ ബൈപ്പാസ് തുറന്ന് കേരളത്തിന് വീണ്ടും ജലം നൽകി തുടങ്ങിയിട്ടുണ്ട്. കേരള ഷോളയാറിലേക്കും മണക്കടവ് വിയർ വഴി ചിറ്റൂർ പുഴയിലേയ്ക്കും തമിഴ്നാട് മന്ത്രിതല ചർച്ചയിൽ തീരുമാനിച്ച പ്രകാരത്തിനോട് അടുപ്പിച്ചുള്ള ജലം ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് തമിഴ്നാട് സർക്കാരിനെതിരെ സുപ്രീംകോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. നടപ്പു ജലവർഷത്തിൽ (2012-13) കേരളത്തിന് പി.എ.പി കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാത്തതുൾ-പ്പെടെയുള്ള തമിഴ്നാടിന്റെ കരാർ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി കേരളം ബഹു.സുപ്രീം കോടതിയിൽ 16.4.13-ൽ ഒരു ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തു (O.S No. 2/2013). ഇതിനുപുറമെ തമിഴ്നാട് ഷോളയാർ റിസർവ്വോയർ, തമിഴ്നാട് ആളിയാർ ഡാം, പറമ്പിക്കുളം റിസർവ്വോയർ എന്നിവയിൽ നിന്നും 3 TMcft ജലം എങ്കിലും ഉടനടി കേരളത്തിന് നൽകണമെന്ന്തമിഴ്നാടിന് നിർദ്ദേശം നൽകി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി കേരളം ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. |
| (ഇ) അടുത്ത വർഷം കരാർ പ്രകാരമുള്ള ജലം സമയത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | ബഹു.സുപ്രീം കോടതിയിൽ കേരള സർക്കാർ ഫയൽ ചെയ്ത കേസിൽ എല്ലാ വർഷവും കരാർ പ്രകാരമുള്ള 7.25 TMc ജലം ലഭ്യമാക്കുന്നതിന് തമിഴ്നാടിന് നിർദ്ദേശം നൽകുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**